**പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ക്രമം**
**(ഹാജർ - കെ. രവികുമാർ - പൂർണ്ണ അധിക ചുമതല)**

വിഷയം - പൊ. വി - എയ്ഡഡ് - സംരക്ഷിത അദ്ധ്യാപകർ പുനർ വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

പരാമർശം -
1) ജി ഒ (പി) 29/2016/ പൊ. വി വ തിയതി 29/1/16
2) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കത്ത് നം എച്ച് 2 / 91055/ 16 തിയതി 12/1/17
3) ജി ഒ (എം എസ്) നം 209/16 പൊ. വി തിയതി 26/12/16
4) പ്രധാന അദ്ധ്യാപകർ / സംരക്ഷിത അദ്ധ്യാപകർ / ബന്ധപ്പെട്ട എ ഇ ഒ / ഡിഇ ഒ മാരിൽ നിന്നും ലഭിച്ച അപേക്ഷകൾ

**ഉത്തരവ് നം. ബി 3/ 6213/16 തിയതി 27/2/2017**

പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംരക്ഷിതാദ്ധ്യാപകരെ പുന: വിന്യസിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സർക്കാർ നിർദ്ദേശം നടപ്പിലാക്കികൊണ്ട് സംരക്ഷിത അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരെ ഒഴിവുകൾ ലഭ്യമായ സർക്കാർ വിദ്യാലയങ്ങളിലേക്കും / ഓഫീസുകളിലേക്കും, എയിഡഡ് വിദ്യാലയങ്ങളിലേക്കും ഈ കാര്യാലയത്തിൽ നിന്നും വിവിധ ഉത്തരവുകളിലൂടെ പുന: വിന്യസിച്ചിരുന്നു.

പരാമർശം (2) കത്ത് പ്രകാരം ബി ആർ സി കളിൽ സി ആർ സി മാരായി സേവനമനുഷ്ഠിക്കുന്ന അദ്ധ്യാപകരെയും ഗവ. വിദ്യാലയങ്ങളിൽ സംരക്ഷിതാദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്നവരെയും, മാതൃവിദ്യാലയത്തിൽ 2016-17 വർഷത്തിൽ ഒഴിവുകൾ ലഭ്യമാണെങ്കിൽ, ടി ഒഴിവുകളിലേക്ക് തിരിച്ച് വിളിക്കാൻ നിർദ്ദേശിച്ചിരുന്നു.

പരാമർശം (3) ഉത്തരവ് പ്രകാരം ഭാഷാദ്ധ്യാപകർക്ക് നിലനിൽക്കാൻ നിർദ്ദിഷ്ഠ എണ്ണം കുട്ടികളുണ്ടെങ്കിൽ മാതൃവിദ്യാലയത്തിലേക്ക് തിരിച്ച് വിളിക്കാനും , നില നിർത്താനും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശിച്ച സർക്കാർ ഉത്തരവുകളുടെയും , പൊതു വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരത്തിന്റെ കത്തുകളുടെയും വെളിച്ചത്തിൽ സംരക്ഷിതാദ്ധ്യാപകരിൽ നിന്നും ലഭിച്ച സമർപ്പണങ്ങളുടെയും ആയതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ / ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരിൽ നിന്ന് ലഭിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം സംരക്ഷിതാദ്ധ്യാപകരെ ഒഴിവുകൾ ലഭ്യമായ വിദ്യാലയങ്ങളിലേക്ക് പുന : വിന്യസിച്ച് കൊണ്ടും, മാതൃവിദ്യാലയങ്ങളിലേക്ക് തിരിച്ച് വിളിക്കാൻ കഴിയുന്നവരെ അപ്രകാരം തിരിച്ച് വിളിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിന് കാലതാമസം നേരിട്ടവർ ടി കാലയളവ് ലഭ്യമായ അവധിയായി കണക്കാക്കി അവധി അനുവദിച്ച് തരേണ്ട അധികാരി മുമ്പാകെ അവധിയപേക്ഷ സമർപ്പിച്ച് ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ആവശ്യമായത്, സേവന പുസ്തകത്തിൽ വരുത്തേണ്ടതുമാണ്. ലീവ് അപേക്ഷ സമർപ്പിക്കുന്നതിനൊപ്പം ടിയാനെ / ടിയാരിയെ വിടുതൽ ചെയ്ത ഉത്തരവിന്റെയും, സേവനത്തിൽ

പ്രവേശിച്ച റിപ്പോർട്ടിന്റെയും പകർപ്പ് ലീവ് അനുവദിക്കുന്ന അധികാരി മുമ്പാകെ ഹാജരാക്കേണ്ടതാണ്. ഗവ. സ്കൂളുകളിലേക്ക് പുന: വിന്യസിക്കപ്പെട്ടവരുടെ നിയമനം ടി തസ്തികയിലേക്ക് സ്ഥലം മാറ്റം മുഖാന്തിരമോ, പുതിയ നിയമനം മുഖാന്തിരമോ അദ്ധ്യാപകർ സേവനത്തിൽ പ്രവേശിക്കുന്നതുവരെയോ, അവധി ഒഴിവിൽ നിയമിക്കപ്പെട്ടവരുടെ നിയമനം അവധി അവസാനിക്കുന്നതുവരെ താത്കാലികമായി മാത്രമായിരിക്കും.

| ക്രമ നം | അദ്ധ്യാപികയുടെ പേരും തസ്തികയും | നിലവിൽ ജോലി ചെയ്യുന്ന വിദ്യാലയം | പുനർ വിന്യാസിക്കുന്ന വിദ്യാലയം |
|---|---|---|---|
| 1 | ശ്രീ ടിനു എം ജോയ്, LPSA, VMLPS പാലക്കപൊറ്റ് | AUPS തൃപ്പന്നൂർ | GHS മുടപ്പല്ലൂർ (RMSA Aided High School) |
| 2 | ശ്രീമതി ഷമീന എ, LPSA AUPS തൃപ്പാനൂർ | മാതൃത്വാവധി | AUPS തൃപ്പാളളൂർ, (SSA ട്രയിനർ ഒഴിവ്) |
| 3 | ശ്രീമതി ചിന്ന കെ എം, UPSA, AUPS പിട്ടുക്കാരിക്കുളമ്പ് | ASMMHS ആലത്തൂർ | GUPS പുതിയങ്കം |
| 4 | ശ്രീ സുജീഷ് മോൻ UPSA KCPHS കാവശ്ശേരി | GUPS പുളിനെല്ലി | GGHS ആലത്തൂർ |
| 5 | ശ്രീമതി ദിവ്യ H S A (PS) SVHS എരുത്തേമ്പതി | GHS തെനാരി | SVHS എരുത്തേമ്പതി (മാതൃവിദ്യാലയം) |
| 6 | ശ്രീമതി സുമലത H S A(Eng) CAHS ആയക്കാട് | GHS കല്ലിങ്കൽപാടം | GHS മുടപ്പല്ലൂർ (RMSA Aided High School) |
| 7 | ശ്രീമതി സോജ എ, UPSA Smt ഗീത എം, UPSA AMMUPS വടവന്നൂർ | ബി ആർ സി നെന്മാറ | GMMUPS വടവന്നൂർ (മാതൃവിദ്യാലയം) |
| 8 | T P മുഹമ്മദാലി UPSA സൈനബ സി കെ , UPSA CEUPS പരുത്തൂർ , സമർബാനു കെ LG ഹിന്ദി | ബി ആർ സി പട്ടാമ്പി | CEUPS പരുതൂർ (മാതൃവിദ്യാലയം) |
| 9 | ഹരീഷ്, ഉറുദു ടീച്ചർ, AUPS പുതിയങ്കം | BRC ഒറ്റപ്പാലം | BRC ആലത്തൂർ |

(ഒപ്പ്)

വിദ്യാഭ്യാസ ഉപ ഡയറക്ടർ
പാലക്കാട്

സ്വീകർത്താവ്

ബന്ധപ്പെട്ട അദ്ധ്യാപകർ

പകർപ്പ്

1. ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ
2. ബന്ധപ്പെട്ട AEO / DEO മാർ
3. ഫയൽ
4. കരുതൽ ഫയൽ
5. വെബ്സൈറ്റ്

ഡി.പി 28/2. 7